(ബി) കോളനിയിൽ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ ഒന്നാം ഗഡുവായ 25 ലക്ഷം രൂപ കൈപ്പറ്റി, 70,64,442 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പിന്നോക്കവിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതം

299 (964) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ കാലാനുസൃതമായ വർദ്ധനവുണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14-ലെയും 2014-15-ലെയും വാർഷിക പദ്ധതി വിഹിതം എത്ര വീതമാണെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചത് ; അതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നും നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി)

വകുപ്പ്	2013-2014		2014-2015	
	പദ്ധതി വിഹിതം (ലക്ഷത്തിൽ)	ചെലവഴിച്ച തുക	പദ്ധതി വിഹിതം (ലക്ഷത്തിൽ)	ചെലവഴിച്ച തുക
പിന്നോക്ക സമുദായ വികസന വകുപ്പ്	7002.01	6319.29948	9584.06	8756.74813
കേരള സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ	1000	1000	1289	800
കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ	500	495.34	600	150.00

(സി) പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly